ജനുവരി 22,2014

# പരാജിത കോൺഗ്രസും എഎപിയും അസ്തിത്വം നഷ്ടമായ മൂന്നാംമുന്നണിയും അവയുടെ സ്വാധീനവും

**അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)**

കഴിഞ്ഞ കുറേ ദിവസങ്ങളിൽ രാജ്യത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ കാണിക്കുന്നത് ബിജെപിയുടെ രാഷ്ട്രീയ സാധ്യതകളും വർധിക്കുന്നുവെന്നാണ്.

സ്വാതന്ത്രാനന്തര കാലത്ത് കോൺഗ്രസ് പാർട്ടിയാണ് രാഷ്ട്രീയത്തിൽ മേൽകൈ നേടിയിരുന്നത്. എന്നാൽ കഴിഞ്ഞ കുറേ വർഷമായി യുപിഎ സഖ്യം ഏറെ ശിഥിലവും തീരെ പ്രചോദനം നൽകാത്തതുമായി. എല്ലാ തെരഞ്ഞെടുപ്പ് ഫലങ്ങളും കാണിക്കുന്നത് 2014 ൽ വരാൻ പോകുന്ന പൊതു തെരഞ്ഞെടുപ്പിൽ നരേന്ദ്ര മോദിയുടെ ജനപ്രിയതക്ക് ഏറെ പുറകിലാണ് അവരുടെ നേതാക്കളുടെ ജനസമ്മിതിയെന്നാണ്. കോൺഗ്രസ് മിക്ക സംസ്ഥാനങ്ങളിലും ക്ഷീണമുണ്ടാകും. 2009 ലെ സീറ്റെല്ലാം മറികടക്കുന്ന ഒറ്റ സംസ്ഥാനവും ഉണ്ടാവില്ല. തെരഞ്ഞെടുപ്പടുക്കുന്തോറും മുൻനിരയിലുള്ള ബിജെപിക്ക് സാധ്യത കൂടുകയാണ്. ബിജെപി അത്ര ശക്തമല്ലാത്ത മേഖലകളിൽ പാർട്ടിയുടെ വോട്ട് വർധിക്കുന്നതായി കാണുന്നു. പാർട്ടി ശക്തമല്ലാത്ത ആഗ്ര, തമിഴ്നാട്, ഒഡീഷ, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ പാർട്ടി വോട്ട് കൂടുന്നതായി അഭിപ്രായ സർവേകൾ പറയുന്നു. നരേന്ദ്ര മോദിയെ പ്രധാനമന്ത്രിയായി കാണാനുള്ള തെരഞ്ഞെടുപ്പ് അടുക്കുന്തോറും ഈ വോട്ട് വിഹിതം ഇനിയും കൂടും.

ബിജെപിയുടെ പരമ്പരാഗത വിമർശകർ നേരത്തെ കോൺഗ്രസിനൊപ്പമായിരുന്നു. ബിജെപിയേയും മോദിയേയും തടയുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും ആയുധങ്ങളും അവർക്ക് നഷ്ടമായി. ബിജെപിയുടെ വളർച്ച എഎപി തടയുമെന്നവര ഇടക്ക് സമാധാനിച്ചു. ആം ആദ്മി പാർട്ടി ഒരാഴ്ച തന്നെ രാഷ്ട്രീയത്തിൽ അധികമാണെന്ന പഴയ ചൊല്ലിനെ അരക്കിട്ടുറപ്പിച്ചിരിക്കുന്നു. അവർ നിരുത്തരവാദപരമായ അസ്വീകാര്യ നിലപാടാണ് കെട്ടിപ്പൊക്കുന്നത. ഒരു എസ്എച്ച്ഒയെ സഥലം മാറ്റുന്നത് റിപ്പബ്ലിക് ദിനാഘോഷം അലങ്കോലപ്പെടുത്താൻ അവരെ പ്രേരിപ്പിച്ചു. കോൺഗ്രസിന് അവരെ എങ്ങനെ നേരിടണമെന്നറിയാതായി. അവർ വിമർശിക്കുന്നുണ്ട്. പക്ഷേ പ്രവർത്തിക്കുന്നില്ല. അവരിപ്പോൾ ഒരാഴ്ചത്തെ സമയം കൊടുത്തിരിക്കുകയാണ്. എഎപിയുടെ നിരുത്തരവാദിത്തവും കോൺഗ്രസിന്റെ നിസ്സഹായതയും ഊട്ടിയുറപ്പിക്കുന്നത്. ഒരു സുസ്ഥിര സർക്കാരിന്റെ ആവശ്യകതയാണ്.

നിലവിലെ രാഷ്ട്രീയ സാഹചര്യം കാണിക്കുന്നത് ഒരു പാർട്ടിക്കേ അടുത്ത തെരഞ്ഞെടുപ്പിൽ സീറ്റെണ്ണത്തിൽ മൂന്നക്ക സംഖ്യ കടക്കൂ എന്നാണ്. ഒന്നാമത്തെ കക്ഷിയും തൊട്ടുപിന്നിലുള്ളവരും തമ്മിലുള്ള അന്തരം പ്രധാനമാണ്. മറ്റെല്ലാവർക്കും വിരലിലെണ്ണാനുള്ള സീറ്റേ കിട്ടൂ. അപ്പോൾ അടുത്ത സർക്കാര് അതുണ്ടാക്കും. വോട്ടു കുത്തുമ്പോൾ ഈ ചോദ്യത്തിനുത്തരം പ്രധാനമാണ്. ഒരു നാമമാത്രമായ കേന്ദ്ര ശക്തിയുള്ള എണ്ണമറ്റ ചെറു കക്ഷികൾ ഉൾപ്പെടുന്ന ഒരു കൂട്ടത്തിന്റെ സർക്കാരിനെ ഇന്ത്യയ്ക്ക് താങ്ങാനാകുമോ. ഇതിന്റെയെല്ലാം ഉത്തരം ഇങ്ങനെയാണ്. ഇന്ത്യയ്ക്ക് വേണ്ടത് ഉത്തരവാദ ഭരണമുള്ള രാഷ്ട്രീയ സ്ഥിരതയുള്ള സാമ്പത്തിക പുനരുജ്ജീവന ശേഷിയുള്ള ഒരു സർക്കാരായിരിക്കണം എന്നാണ്. നിക്ഷേപ ചക്രത്തെ പുനരുദ്ധരിക്കുന്നതാകണം അത്. ഇതെല്ലാം സാധിക്കാൻ വേണ്ടത് മുന്നിൽ എത്തിനിൽക്കുന്നവർക്ക് കൂടുതൽ കരുത്തു നൽകുകയാണ്. പരാജിതമായ കോൺഗ്രസും അരാജകമായ എഎപിയും അസ്തിത്വമില്ലാത്ത മൂന്നാം മുന്നണിയും ബിജെപിയുടെ വളർച്ചക്കും നരേന്ദ്ര മോദിയുടെയും ഉയർച്ചയ്ക്കം സഹായകമാവുകയേ ഉള്ളു.